## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5699** **09/07/2012 ൽ മറുപടിക്ക്**

## 'ഏരിയാ ഇന്റൻസീവ് പ്രോഗ്രാം' പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് 'ഏരിയാ ഇന്റൻസീവ് പ്രോഗ്രാം' പദ്ധതിപ്രകാരം സ്കൂളുകൾ സർക്കാർ ഏറ്റെടുത്തത് സംബന്ധിച്ച് 13-6-2012-ന്റെ സംസ്ഥാന മന്ത്രിസഭായോഗം എടുത്ത തീരുമാനത്തിന്റെ പകർപ്പും മന്ത്രിസഭായോഗത്തിന്റെ കുറിപ്പും ലഭ്യമാക്കുമോ ; | എ) | മന്ത്രിസഭാ യോഗത്തിൽ വച്ച കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ് |
| ബി) | ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ എ.ഐ.പി. പദ്ധതിപ്രകാരം എത്ര തുക ലഭ്യമായെന്ന് വിശദമാക്കാമോ; | ബി) | 19908000/- രൂപ |
| സി) | സംസ്ഥാനസർക്കാർ ഇതിനായി എന്ത് തുക നീക്കിവെച്ചെന്ന് വെളിപ്പെടുത്താമോ ; | സി) | സംസ്ഥാനസർക്കാർ പ്രത്യേകം തുക ചെലവഴിച്ചിട്ടില്ല. 1/2003 മുതൽ അടിസ്ഥാന ശമ്പളവും 2/2006 മുതൽ അടിസ്ഥാന ശമ്പളത്തോടൊപ്പം മറ്റു അലവൻസുകളും സംസ്ഥാന സർക്കാർ നൽകി വരുന്നു. |
| ഡി) | ഈ പദ്ധതിക്കായി ഇതിനകം ആകെ എത്ര തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ ? | ഡി) | രൂപ 19908000/- (അടിസ്ഥാന സൗകര്യ വികസനത്തിന് മാത്രമാണ് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിരുന്നത്) |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

**(ശ്രീ. ഉമ്മൻചാണ്ടി മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | 44951/ഡി1/2010/പൊ.വി. |
| 2. വകുപ്പ് | : | പൊതുവിദ്യാഭ്യാസ(ഡി) വകുപ്പ് |
| 3. വിഷയം | : | പൊതു വിദ്യാഭ്യാസം- കേന്ദ്രാവിഷ്കൃത പദ്ധതിയായ ഏരിയാ ഇന്റൻസീവ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തുടങ്ങിയതും ഇപ്പോൾ പ്രവർത്തിച്ചുവരുന്നതുമായ 35 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത്-സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18-5-2012 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | ഉണ്ട് |
| (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര്. | : | ശ്രീ. പി.കൃഷ്ണ ശർമ്മ |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. എം. ശിവശങ്കർ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28-5-2012 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ജയകുമാർ |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29-5-2012 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി.കെ. അബ്ദുറബ്ബ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 29-05-2012 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29-5-2012 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ഏരിയാ ഇന്റൻസീവ് പ്രോഗ്രാം' ൽ ഉൾപ്പെടുത്തി ആരംഭിച്ചതും ഇപ്പോൾ പ്രവർത്തിച്ചുവരുന്നതുമായ 35 പ്രൈമറി /സെക്കണ്ടറി/അപ്പർ പ്രൈമറി സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ച് നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ പ്രൈമറി, സെക്കണ്ടറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രസഹായത്തോടെ ആരംഭിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു " ഏരിയാ ഇന്റൻസീവ് പ്രോഗ്രാം ഫോർ എഡ്യൂക്കേഷണലി ബാക്ക്വേർഡ് മൈനോരിറ്റീസ് ഇൻ ദ സ്റ്റേറ്റ് ". 19.12.1994 ലെ സ.ഉ (സാധാ) നം. 5672/94/പൊ.വി പ്രകാരമാണ് ഈ ക്രേന്ദാവിഷ്കൃത പദ്ധതി ആരംഭിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. അതനുസരിച്ച് 22.6.1995 ലെ സ.ഉ. (സാധാ) നം. 2075/95/പൊ.വി പ്രകാരം 6 ഹയർ സെക്കണ്ടറി സ്കൂളുകൾ, 11 അപ്പർ പ്രൈമറി സ്കൂളുകൾ, 24 ലോവർ പ്രൈമറി സ്കൂളുകൾ എന്നിവ 1995-96 അദ്ധ്യയന വർഷം മുതൽ ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകി. ഇതിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന സഹായം പ്രസ്തുത സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മാത്രമായി ഉപയോഗിക്കണമെന്നും എന്നാൽ ഈ സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ സംസ്ഥാന സർക്കാർ വഹിക്കണമെന്ന് കേന്ദ്രമാനവശേഷി മന്ത്രാലയം നിഷ്കർഷിച്ചിരുന്നു. ഇത്തരത്തിൽ ആരംഭിച്ച 41 സ്കൂളുകളിൽ 35 സ്കൂളുകളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് അതിൽ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിലായി 238 ജീവനക്കാര്യം ജോലിനോക്കി വരുന്നുണ്ട്.

3) 24.9.1998 ലെ സ.ഉ(സാധാ) നം.3733/98/പൊ.വി പ്രകാരം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം, മുസ്ലീം, നാടാർ സ്കോളർഷിപ്പ് എസ്.സി.എസ്.ടി. വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ് എന്നിവ ഏർപ്പെടുത്തിക്കൊണ്ടും ഡി.പി.ഇ.പി പദ്ധതിയുടെ പരിധിയിൽ വരുന്ന ആനുകൂല്യങ്ങൾ നൽകിക്കൊണ്ടും ഈ സ്കൂളുകളിൽ നിന്നും നൽകുന്ന റ്റി.സി മറ്റ് സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾക്ക് തുല്യമായിരിക്കുമെന്നും വ്യക്തമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(.....2)

4)ഈ ഘട്ടമായപ്പോഴേക്കും ഈ സ്കൂളുകളിൽ തൊഴിൽ ചെയ്യുന്നവരുടെ വേതനം സംബന്ധിച്ച പ്രശ്നം ഉയർന്നുവന്നു. ഇവിടെ ജോലി ചെയ്തുവന്നിരുന്ന ജീവനക്കാർക്ക് വർഷങ്ങളായി വേതനമൊന്നും ലഭിക്കാത്ത സ്ഥിതിവിശേഷം നിലനിന്നിരുന്നതിനാൽ ഇവർക്ക് ശമ്പളം നൽകുവാൻ തത്വത്തിൽ തീരുമാനിക്കുകയും 16.01.2003 ലെ സ.ഉ. (എം.എസ്) /14/2003/പൊ.വി പ്രകാരം അവർ ജോലി ചെയ്യുന്ന ബന്ധപ്പെട്ട കാറ്റഗറികളിലെ ശമ്പള സ്കെയിലിലെ മിനിമത്തിൽ ശമ്പളം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ഈ ഉത്തരവിനെതിരെ ചിലർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി ഏരിയാ ഇന്റൻസീവ് പദ്ധതി പ്രകാരമുള്ള ജീവനക്കാർക്ക് ശമ്പളം നൽകിക്കൊണ്ടുള്ള 16.1.2003 ലെ സ.ഉ. (എം.എസ്)14/2003/പൊ.വി നമ്പർ ഉത്തരവ് റദ്ദാക്കിക്കൊണ്ട് വിധി പ്രസ്ഥാപിക്കുകയും ചെയ്തു. പ്രസ്തുത ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ പോവുകയും സുപ്രീം കോടതി കേരള ഹൈക്കോടതിയുടെ വിധി സ്റ്റേ ചെയ്യുകയും താഴെപറയുന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

5) By way of interim relief, it will be open to the State Government to give funding to all such schools initially started by the voluntary organisations which request for aid from the State Government.

6) അങ്ങനെ 15.10.2004 ലെ സ.ഉ.(എം.എസ്) നം. 321/2004/പൊ.വി പ്രകാരം സുപ്രീം കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായി എ.ഐ.പി. ജീവനക്കാർക്ക് ശമ്പളം നൽകിക്കൊണ്ടുള്ള 1.3.2003 ലെ ജി.ഒ. (എം.എസ്) നം.14/2003/പൊ.വി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

7) 18.10.2004 ലെ സ.ഉ.(കൈയ്യെഴുത്ത്) നം. 323/2004/പൊ.വി പ്രകാരം ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുവരുന്ന സാമ്പത്തിക കാര്യങ്ങൾ കുറെക്കൂടി ചിട്ടപ്പെടുത്തുകയുണ്ടായി. ഈ വിദ്യാലയങ്ങളിലെ ജീവനക്കാരുടെ എണ്ണം-എൽ.പി, യു.പി./ ഹൈസ്കൂൾ വിഭാഗങ്ങളിൽ കെ.ഇ.ആർ. വ്യവസ്ഥ പ്രകാരവും, ഹയർസെക്കണ്ടറിയിലേത് മറ്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എങ്ങിനെയാണോ അപ്രകാരവുമായിരിക്കും എന്ന് നിഷ്കർഷിച്ചു. അതത് വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാകും ഈ സ്ഥാപനങ്ങളിലെ അധ്യാപകരുടെ ശമ്പളം കണ്ടെത്തേണ്ടത് എന്നും ഉത്തരവ് വ്യക്തമാക്കിയിട്ടുണ്ട്.

(.......3)

8) 01.02.2006 ലെ സ.ഉ. (കൈയ്യെഴുത്ത്) നം.43/2006/പൊ.വി ഉത്തരവ് ജീവനക്കാരുടെ യോഗ്യത, പ്രായം, എണ്ണം എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്. കൂടാതെ 35 സ്ഥാപനങ്ങളിലെ 238 ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന് പുറമെ ഡി.എ.യും മറ്റ് അലവൻസുകളും നൽകുന്നതിന് തീരുമാനമായി. 01.02.2006 മുതൽ അടിസ്ഥാന ശമ്പളത്തോടൊപ്പം മറ്റ് അലവൻസുകളും നൽകി.

9) 13.02.2009 ലെ സ.ഉ(കൈയ്യെഴുത്ത്) നം. 21/2009/പൊ.വി പ്രകാരം വരുത്തിയ വേതന പരിഷ്കരണം ഇവർക്ക് കൂടി ബാധകമാക്കാൻ തീരുമാനിച്ചു. ഈ ഘട്ടത്തിലും ഓരോ കാറ്റഗറിയിലേയും ശമ്പള സ്കെയിലിന്റെ മിനിമത്തിൽ മാത്രമാണ് ഫിക്സ് ചെയ്യാൻ അനുവദിച്ചത്.

10) ഈ സാഹചര്യമായപ്പോഴേക്കും ബഹു. സുപ്രീം കോടതിയിൽ നിലനിന്നിരുന്ന എസ്.എൽ.പി.യുടെ അന്തിമ വിധി വന്നിരുന്നു. പ്രസ്തുത വിധിയിൽ ബഹു. സുപ്രീം കോടതി താഴെപറയുന്ന നിരീക്ഷണങ്ങൾ നടത്തി.

In view of the subsequent developments, we feel that there is no need to discuss the claim of both parties. Article 21A was inserted in the Constitution by 86th Amendment Act 2002 which reads as under:

" 21A. Right to education State shall provide free and compulsory education to all children of the age of six to fourteen years in such manner as the State may, by law determine"

In the view of the same Government of India enacted" The Right of children to Free and Compulsory Education Act, 2009" which came into force on 01.04.2010.

Accordingly, the original ground of challenge made by the writ petitioners who are all respondents in these appeals does not survive for consideration. On this ground, we accept the claim of the appellants and modify the order of the High Court by reviewing the order of Government of Kerala as per G.O. (MS)14/2003/G.Edn, Thiruvananthapuram dated 16.1.2003.

The Civil appeals are disposed of accordingly.

11) ഈ സാഹചര്യത്തിൽ എ.ഐ.പി. ജീവനക്കാർക്ക് മറ്റ് ഇതര എയ്ഡഡ്/ സർക്കാർ സ്കൂളുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്ക് തുല്യമായി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും പ്രസ്തുത സ്കൂളുകളെ എയ്ഡഡ് പദവിയിലേക്കും ഉയർത്തുന്നതും സംബന്ധിച്ച

(.......4)

അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേക്കയച്ചു. ഇക്കാര്യങ്ങൾ പരിശോധിച്ച ധനകാര്യവകുപ്പ് കു.ഫ. 99-ാം ഖണ്ഡികയിൽ 15.10.2011 ലെ കുറിപ്പ് പ്രകാരം 18 ഇന വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു. പ്രസ്തുത 18 ഇന വിശദാംശങ്ങൾക്ക് വ്യക്തമായ മറുപടി സഹിതം ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്കയച്ചപ്പോൾ ധനവകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

Since the SLP is pending in the Hon'ble Supreme Court in the matter, Administrative Department is requested to ascertain the present status of SLP from the Law Department and whether the proposal will adversely affect the same.

12) ബഹു. സുപ്രീം കോടതിയുടെ അന്തിമ വിധി വന്നുകഴിഞ്ഞ സാഹചര്യത്തിൽ എ.ഇ.പി. പദ്ധതി പ്രകാരം നിലവിൽ വന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകേണ്ടതുണ്ടോ എന്നത് സംബന്ധിച്ച കാര്യത്തിലാണ് തീരുമാനമുണ്ടാകേണ്ടത്. എയ്ഡഡ് പദവി ലഭിക്കുന്ന മുറക്ക് ഈ പദ്ധതി പ്രകാരമുള്ള ജീവനക്കാർക്ക് ഇതര സർക്കാർ /എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടേതിന് തുല്യമായി കെ.എസ്.ആർ., കെ.ഇ.ആർ. പ്രകാരമുള്ള സർവീസ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ വിഷയം മന്ത്രിസഭാ തീരുമാനത്തിനായി സമർപ്പിക്കുവാൻ തീരുമാനിക്കുകയും അതിനായി ഫയൽ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിനായി സമർപ്പിച്ചപ്പോൾ 18.5.2012 ലെ ഉത്തരവ് പ്രകാരം ബഹു. മുഖ്യമന്ത്രി ഇക്കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

**തീരുമാനിക്കേണ്ട കാര്യം**

1) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഏരിയാ ഇന്റൻസീവ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തുടങ്ങിയതും ഇപ്പോൾ പ്രവർത്തിച്ചുവരുന്നതുമായ 35 സ്കൂളുകൾക്ക് സർക്കാർ നേരിട്ട് ശമ്പളം നൽകാൻ ഉത്തരവായ 16.1.2003 മുതൽ എയിഡഡ് പദവി അനുവദിച്ചു നൽകാമോ;

2) 16.1.2003 മുതൽ അനുവദനീയമായ ആനുകൂല്യങ്ങൾ പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കാനും ഉത്തരവു തീയതി മുതൽ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചും നൽകാമോ?

ഉമ്മൻ ചാണ്ടി